# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2417** **08.03.2017-ൽ മറുപടിയ്ക്ക്**

## കാരുണ്യ പദ്ധതി

| | ചോദ്യം<br><br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ പദ്ധതി ജനങ്ങളുടെ അവകാശമായി മാറ്റുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽ നിന്നും 2016 മെയ് 25 ന് ശേഷം എന്ത് തുക ലാഭമായി ലഭിക്കുകയുണ്ടായി; | (ബി) | 2016 മെയ് 25-ന് ശേഷം കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽ നിന്നും ലഭിച്ച ഏകദേശ ലാഭം ചുവടെ ചേർക്കുന്നു. |
| (സി) | കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും വിവിധ സർക്കാർ - സ്വകാര്യ ആശുപത്രികൾക്ക് നൽകുവാനുള്ള കുടിശ്ശികയെത്രയാണ്; | (സി) | വിവിധ സർക്കാർ ആശുപത്രികൾക്കായി 650.45 കോടി രൂപയും, അക്രഡിറ്റഡ് സ്വകാര്യ ആശുപത്രികൾക്ക് 25.67 കോടി രൂപയും കുടിശ്ശികയുണ്ട്. |

| ലോട്ടറി | ഏകദേശ ലാഭം (തുക കോടി രൂപയിൽ) |
|---|---|
| കാരുണ്യ 243-ാമത് ഭാഗ്യക്കുറി മുതൽ 282-ാമത് ഭാഗ്യക്കുറി വരെ (28-05-16 to 25-02-17) | 147.19 |
| കാരുണ്യപ്ലസ് 111-ാമത് ഭാഗ്യക്കുറി മുതൽ 148-ാമത് ഭാഗ്യക്കുറി വരെ (26-05-16 to 23-02-17) | 135.08 |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കുടിശ്ശിക നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ടി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കാരുണ്യ ബനവലന്റ് ഫണ്ടിന്റെ 27-ാമത് സംസ്ഥാനതല കമ്മിറ്റി, 27/9 തീരുമാന പ്രകാരം കുടിശ്ശിക തുകകൾ വിതരണം ചെയ്യുന്നതിനുവേണ്ടി കുടുംബശ്രീയിൽ നിന്നും 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതനാടിസ്ഥാനത്തിൽ മൂന്ന് മാസത്തേയ്ക്ക് നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ അവസാനഘട്ടത്തിലാണ്. |
| (ഇ) | ആരോഗ്യവകുപ്പും ധനകാര്യ വകുപ്പും തമ്മിലുള്ള ഏകോപനമില്ലായ്മ കാരുണ്യ പദ്ധതിക്ക് തിരിച്ചടിയായി എന്നത് വസ്തുതയാണോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | എല്ലാ സൗജന്യചികിത്സാ പദ്ധതികളെയും ഏകോപിപ്പിച്ച് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനാൽ കാരുണ്യ പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ? | (എഫ്) | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തയ്യാറാകാൻ കുറഞ്ഞത് ഇനിയും ഒരു വർഷമെടുക്കും. കാരുണ്യ പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**